# Malayala Manorama

## 14 August 2018

## Thiruvananthapuram: Flood relief

### പ്രളയ മേഖലകളിലേക്ക്

# ഇരുപക്ഷവും ഒന്നിച്ച്

**മുഖ്യമന്ത്രിയുടെ ക്ഷണം സ്വീകരിച്ച് പ്രതിപക്ഷ നേതാവ് യാത്രയ്ക്കെത്തി**

**മനോരമ ലേഖകൻ**

തിരുവനന്തപുരം • മുഖ്യമന്ത്രിയുടെ ക്ഷണമെത്തിയതോടെ രാഷ്ട്രീയം മാറ്റിവച്ച് പ്രളയബാധിത മേഖലകൾ സന്ദർശിക്കാൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ഒപ്പം ചേർന്നു. റവന്യു മന്ത്രി ഇ. ചന്ദ്രശേഖരനും ഇവർക്കൊപ്പം ഹെലികോപ്റ്റർ യാത്രയിലുണ്ടായിരുന്നു.

വെള്ളിയാഴ്ച പകൽ ദുരന്തമേഖലയിൽ ചെലവിട്ട രമേശ് ചെന്നിത്തല രാത്രി പത്തരയ്ക്കു തിരുവനന്തപുരത്തു മടങ്ങിയെത്തിയതിനു പിന്നാലെയാണ് മുഖ്യമന്ത്രിയുടെ വിളിയെത്തിയത്. ക്ഷണം നിരസിക്കുന്നില്ലെന്നും എന്നാൽ, മറ്റു നേതാക്കളുമായി ആലോചിക്കേണ്ടതുണ്ടെന്നും രമേശിന്റെ മറുപടി.

തുടർന്ന് എ.കെ. ആന്റണി, ഉമ്മൻ ചാണ്ടി, എം.എം. ഹസൻ എന്നിവരോട് അഭിപ്രായം ആരാഞ്ഞു. പോകാനായിരുന്നു മൂവരുടെയും ഉപദേശം. ചീഫ് സെക്രട്ടറി ടോം ജോസ്, പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ എന്നിവരുമുൾപ്പെട്ട സംഘം രാവിലെ ഏഴരയോടെയാണ് വ്യോമസേനയുടെ ഹെലികോപ്റ്ററിൽ കൊച്ചിയിലേക്കു തിരിച്ചത്.

### സഹായം ഉറപ്പുവരുത്തണം: രമേശ് ചെന്നിത്തല

ദുരിതാശ്വാസ ക്യാംപുകളിലെല്ലാം ആഹാരവും മരുന്നും വെള്ളവും മറ്റ് അവശ്യസാധനങ്ങളും ലഭിക്കുന്നുവെന്നു സർക്കാർ ഉറപ്പുവരുത്തണമെന്ന് രമേശ് ചെന്നിത്തല. പകർച്ചവ്യാധി സാധ്യതയുള്ളതിനാൽ പ്രത്യേക മെഡിക്കൽ സംഘങ്ങളെ നിയോഗിക്കണം. ദുരിത പ്രദേശങ്ങൾ ഉൾപ്പെട്ട പഞ്ചായത്തുകൾക്കു പ്രത്യേക ഫണ്ട് നൽകണമെന്നും മുഖ്യമന്ത്രിക്കു കൈമാറിയ കത്തിൽ ചെന്നിത്തല ആവശ്യപ്പെട്ടു.

a Building, Aroor P.O., Alappuzha - 688 534 and Published by him at Manorama Building, Panampilly Nagar, Kochi - 682 036, on behalf of The Malayala Manoram
Kochi Office: P.B.No. 4278, Panampilly Nagar, Kochi 682036 Kerala. Phone: 0484 4447888. E mail: Editorial: editorial@mm.co.in Subscriptions: subscription@